**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1447** **04-07-2022 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവ്വീസ് അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള സിവിൽ സർവ്വീസ് അക്കാദമിയുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ; | (എ) | തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) എന്ന സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ "സിവിൽ സർവ്വീസ് അക്കാദമി' പ്രവർത്തിക്കുന്നു. വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള കേരളത്തിലെ സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ മക്കൾക്കും, ആശ്രിതർക്കുമായി കുറഞ്ഞ നിരക്കിൽ സിവിൽ സർവ്വീസ് കോച്ചിംഗ് നൽകുക എന്ന ലക്ഷ്യത്തോടു കൂടി ആരംഭിച്ചിട്ടുള്ള ടി സ്ഥാപനം തിരുവനന്തപുരത്ത് വഞ്ചിയൂരാണ് സ്ഥിതി ചെയ്യുന്നത്.<br><br>കിലെ സിവിൽ സർവ്വീസ് അക്കാദമിയിൽ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത ഡിഗ്രിയാണ്. www.kile.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. തൊഴിലാളികളുടെ മക്കൾക്കും, ആശ്രിതർക്കും അർഹമായ ഫീസ് ഇളവ് ലഭിക്കുന്നതിന് അതാത് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആശ്രിതത്വ സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യണം. ലഭ്യമാകുന്ന അപേക്ഷകരിൽ നിന്നും പ്രവേശന പരീക്ഷ നടത്തി റാങ്ക് ലിസ്റ്റിൽ വരുന്ന വിദ്യാർത്ഥികളിൽ നിന്നും നിശ്ചയിച്ച ഫീസ് ഈടാക്കി പ്രവേശനം നൽകുന്നു.തൊഴിലാളികളുടെ മക്കൾ/ആശ്രിതർക്ക് 15000/- + 18% GST + 2000/- കോഷൻ ഡെപ്പോസിറ്റ് എന്ന ക്രമത്തിലും, മറ്റുള്ളവർക്ക് 50000/- + 18% GST + 2000/- കോഷൻ ഡെപ്പോസിറ്റ് എന്ന ക്രമത്തിലുമാണ് ഫീസ്. എല്ലാ വിഷയങ്ങളിലും വിദഗ്ധരും, പരിചയ സമ്പന്നരുമായ ഫാക്കൽറ്റികളാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തുവരുന്നത്. |
| (ബി) | പ്രസ്തുത അക്കാദമിയിൽ ചേരുന്നതിനുള്ള | (ബി) | കിലെ സിവിൽ സർവ്വീസ് അക്കാദമിയിൽ |

| | | | |
|---|---|---|---|
| | നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | | പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത ഡിഗ്രിയാണ്. www.kile.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. തൊഴിലാളികളുടെ മക്കൾക്കും, ആശ്രിതർക്കും അർഹമായ ഫീസ് ഇളവ് ലഭിക്കുന്നതിന് അതാത് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആശ്രിതത്വ സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യണം. ലഭ്യമാകുന്ന അപേക്ഷകരിൽ നിന്നും പ്രവേശന പരീക്ഷ നടത്തി റാങ്ക് ലിസ്റ്റിൽ വരുന്ന വിദ്യാർത്ഥികളിൽ നിന്നും നിശ്ചയിച്ച ഫീസ് ഈടാക്കി പ്രവേശനം നൽകുന്നു. |

സെക്ഷൻ ഓഫീസർ